സ്വർണ വിലയിൽ ഇന്ന് നേരിയ ഇടിവ്

കൊച്ചി: ഒരു ദിവസത്തെ ഇടവേളക്ക് ശേഷം ഇന്ന് സ്വർണത്തിന് നേരിയ ഇടിവ്. ഗ്രാമിന് 30 രൂപ കുറഞ്ഞ് 14,125 രൂപയും പവന് 240 കുറഞ്ഞ് 1,13,000 രൂപയുമാണ് ഇന്നത്തെ വില. ശനിയാഴ്ച രണ്ട് തവണ സ്വർണ വിലയിൽ ചാഞ്ചാട്ടം ഉണ്ടായിരുന്നു. രാവിലെ വൻ ഇടിവ് രേഖപ്പെടുത്തിയതിനു പിന്നാലെ ഉച്ച തിരിഞ്ഞ് പവന് 1,120 രൂപ വർധിച്ച് 1,13,240 രൂപയാവുകയായിരുന്നു. ഗ്രാമിന് 140 രൂപയും അന്ന് കൂടി. നക്രൂഡ് ഓയിൽ വില കുതിച്ചുയർന്നതോടെ രൂപയുടെ മൂല്യം ഇടിഞ്ഞതാണ് സ്വർണ വിലയിലെ മാറ്റത്തിന് കാരണം. ഇന്ന് ബ്രെൻറ് ക്രൂഡ് ബാരലിന് 3 ശതമാനം ഉയർന്ന് 107 ഡോളറിലെത്തി. പശ്ചിമേഷ്യയിലെ യുദ്ധവും തുടർന്ന് പ്രധാന ചരക്ക് പാതയായ ഹുർമുസിലെ ഗതാഗതം തടസപ്പെടുമെന്ന ആശങ്കയുമാണ് ക്രൂഡിനെയും അതുവഴി സ്വർണ വിലയെയും സ്വാധീനിക്കുന്നത്.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 158 2026 സെപ്തംബർ 14 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

CPM-BJP ഡീൽ പ്രചാരണം ചെറുക്കാത്തത് പതനത്തിന് കാരണം

കോഴിക്കോട്: ‘സി.പി.എം–ബി.ജെ.പി ഡീൽ’ ആരോപണം ഫലപ്രദമായി ചെറുക്കാൻ കഴിയാത്തത് നിയമസഭാ തിരഞ്ഞെടുപ്പിലെ പതനത്തിലേയ്ക്കു നയിച്ചെന്ന് വിപുലീകൃത സംസ്ഥാന കമ്മിറ്റിയിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ കുറ്റസമ്മതം. തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, ദരിദ്ര കർഷകർ തുടങ്ങിയ അടിസ്ഥാനവർഗം പോലും ഈ തിരഞ്ഞെടുപ്പിൽ പാർട്ടിക്ക് വോട്ട് ചെയ്തില്ല. അടിത്തറ വീണ്ടെടുക്കാൻ പ്രത്യേക കർമ്മപരിപാടി ആസൂത്രണം ചെയ്യാൻ ആഹ്വാനം ചെയ്യുന്നതാണ് സി.പി.എം രേഖ.

സി.പി.എം–ബി.ജെ.പി രഹസ്യധാരണയെന്ന് കോൺഗ്രസ് ആരോപിച്ചു. മുസ്ലീംലീഗും ജമാഅത്തെ ഇസ്ലാമിയും സമാനമായി പ്രചാരണം നടത്തി. എസ്.ഐ. ആർ ഉൾപ്പെടെയുള്ളവ ഉപയോഗപ്പെടുത്തി വ്യാജപ്രചാരണം നടന്നു. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിൽ ഒരു വിഭാഗവും ഈ സ്വാധീനത്തിൽപ്പെട്ട് എൽ.ഡി.എഫിനെതിരേ തിരിഞ്ഞു. ആഗോള അയ്യപ്പസംഗമത്തിൽ യു.പി. മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ സന്ദേശം വായിച്ച് സി.പി.എം ഹിന്ദുത്വവർഗീയതയോട് മൃദുസമീപനം പുലർത്തുന്നുവെന്ന പ്രതീതിയുണ്ടാക്കി. എങ്ങനെയാണ് യു.പി മുഖ്യമന്ത്രിയുടെ സന്ദേശം വായിക്കാൻ പാർട്ടി മന്ത്രി സമ്മതിച്ചെന്നാണ് സെക്രട്ടേറിയേറ്റംഗത്തെ ഉന്നമിട്ട് റിപ്പോർട്ടിലെ ചോദ്യം.

വെള്ളാപ്പള്ളി നടേശൻ ന്യൂനപക്ഷ വിരുദ്ധ പ്രസ്താവന നടത്തിയപ്പോഴും സി.പി.എം നേതൃത്വം ശക്തമായി പ്രതികരിച്ചില്ല. കൂടാതെ, ചില നേതാക്കൾ നടത്തിയ പ്രസ്താവനകൾ കൂടുതലായി ജനങ്ങളെ പാർട്ടിയിൽ നിന്നകറ്റി. സി.പി.ഐ.യെപ്പോലും വിശ്വാസത്തിലെടുക്കാതെ, പി.എം.-ശ്രീയിൽ ഒപ്പിട്ടത് ബി.ജെ.പി–സി.പി.എം അന്തർധാരയെന്ന പ്രചാരണത്തിന് ബലമേകി. ആർ.എസ്.എസിനെയും ബി.ജെ.പിയെയും ഫലപ്രദമായി നേരിടാനുള്ള, കഴിഞ്ഞ സംസ്ഥാന സമ്മേളനത്തിലെ നിർദേശങ്ങളൊന്നും നടപ്പായില്ല. തിരഞ്ഞെടുപ്പിൽ ബി.ജെ.പി മൂന്നു സീറ്റിൽ വിജയിച്ചത് ചെറുതായി കാണാനാവില്ല.

തടവുകാർക്ക് മട്ടൻ വേണ്ട

തിരു: ജയിൽ തടവുകാർക്ക് ഇനി ആട്ടിറച്ചി കിട്ടിയേക്കില്ല. പകരം ചിക്കനോ മുട്ടയോ കഴിച്ച് സംതൃപ്തരാകേണ്ടിവരും. അതിനുള്ള ശുപാർശയാണ് ജയിൽ മേധാവി എസ്. ശ്രീജിത്ത് ആഭ്യന്തരവകുപ്പിന് നൽകിയിരിക്കുന്നത്. ആട്ടിറച്ചി ഒഴിവാക്കാൻ രണ്ട് കാരണങ്ങളാണ് ശുപാർശയിൽ സൂചിപ്പിക്കുന്നത്. മട്ടൻ കഴിക്കുന്നത് ജയിൽ തടവുകാരിൽ ജീവിതശൈലി രോഗങ്ങൾ വർധിക്കാനുള്ള കാരണങ്ങളിലൊന്നാണ്. അത് സൂചിപ്പിക്കുന്ന പഠനങ്ങൾ ജയിൽ തടവുകാർക്കിടയിൽ നടത്തിയിട്ടുണ്ട്. അതുകൂടാതെ മട്ടൻ വാങ്ങാനായി വർഷം തോറും അഞ്ച് കോടി എഴുപത്തിരണ്ട് ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. മട്ടൻ ഒഴിവാക്കുന്നതോടെ ഇത് രണ്ടും കുറയ്ക്കാൻ കഴിയുമെന്നാണ് ശുപാർശ.

ആഴ്ചയിൽ ഒരിക്കലാണ് മട്ടൻ ജയിലിൽ നൽകുന്നത്. മിക്ക ജയിലുകളിലും ശനിയാഴ്ചയാണ് 100 ഗ്രാം മട്ടൻ കറി നൽകുന്നത്. ഇത് കൂടാതെ വിശേഷ അവസരങ്ങളിലെ ഭക്ഷണത്തിലും മട്ടൻ കറി ഉൾപ്പെടുത്താറുണ്ട്. ഈ പതിവിന് മാറ്റം എന്നതാണ് ശുപാർശ.

ബ്രിട്ടീഷ് കാലത്ത് തന്നെ തുടങ്ങിയതാണ് ജയിൽ ഭക്ഷണമെനുവിൽ മട്ടന്റെ സ്ഥാനം. പിന്നീട് പലതവണ ഭക്ഷണ മെനു പരിഷ്കരിച്ചപ്പോളും മട്ടന്റെ സ്ഥാനത്തിന് ഇളക്കം തട്ടിയിരുന്നില്ല. അത് ഒഴിവാക്കാനുള്ള ശുപാർശയാണ് ഇപ്പോളെത്തിയിരിക്കുന്നത്. മൂന്നാഴ്ച മുൻപ് നൽകിയ ശുപാർശയാണങ്കിലും ഇതുവരെ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

പണമല്ല, പവറാണ് വേണ്ടത്

കരാർ റദ്ദാക്കിയത് തെറ്റായ തീരുമാനമാണെന്ന് ഇപ്പോൾ തിരിച്ചറിഞ്ഞില്ലേ?

തിരു: കുറഞ്ഞവിലയ്ക്ക് വൈദ്യുതി വാങ്ങാൻ ശ്രമിക്കുന്നുണ്ടെന്ന് വൈദ്യുതി മന്ത്രി സണ്ണി ജോസഫ്. അടിയന്തര സാഹചര്യമായതിനാൽ വൈദ്യുതി വാങ്ങാതെ വേറെ വഴിയില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഇന്ന് രാവിലെ മാദ്ധ്യമങ്ങളോട് സംസാരിച്ചപ്പോഴാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

‘പണത്തെക്കുറിച്ച് ആലോചിച്ച് വിഷമിച്ചിട്ട് കാര്യമില്ല പവറാണ് വേണ്ടത്. 25 വർഷത്തേക്ക് യൂണിറ്റിന് 4.26 രൂപ മുതൽ 4.29 രൂപ വരെ നിരക്കിൽ 465 മെഗാവാട്ട് വൈദ്യുതി കിട്ടുമായിരുന്ന കരാറാണ് റദ്ദാക്കിയത്. ഇപ്പോൾ 30 രൂപയ്ക്ക് വാങ്ങേണ്ട അവസ്ഥയാണ്. റദ്ദാക്കിയ കരാർ പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. കെഎസ്ഇബി ചെയർമാനെ ഇതുസംബന്ധിച്ച് ഇന്നലെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിൽ ചൂട് കൂടിയപ്പോൾ വൈദ്യുതി കടമായിട്ടാണ് വാങ്ങിയത്. അത് ഇപ്പോൾ തിരിച്ചുകൊടുക്കണം. കരാർ റദ്ദാക്കിയത് തെറ്റായ തീരുമാനമാണെന്ന് ഇപ്പോൾ തിരിച്ചറിഞ്ഞില്ലേ? കരാർ റദ്ദാക്കിയതിനെ തുടർന്നാണ് വൈദ്യുതി കടമായി വാങ്ങിയത്. അങ്ങനെ അല്ലായിരുന്നെങ്കിൽ ഇപ്പോൾ വൈദ്യുതി കടം വാങ്ങേണ്ട സാഹചര്യം ഇല്ലായിരുന്നു. വൈദ്യുതി വാങ്ങാൻ മനുഷ്യസാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കും’- മന്ത്രി വ്യക്തമാക്കി.

അതേസമയം, വില എത്ര കൂടിയാലും വേണ്ടില്ല വൈദ്യുതി എവിടെ നിന്നെങ്കിലും വാങ്ങണം, പവർകട്ട് ഒഴിവാക്കണം എന്നാണ് ഇന്നലെ കെഎസ്ഇബി കോർ കമ്മിറ്റി യോഗത്തിലുയർന്ന അഭിപ്രായം. പിന്നാലെ വൈദ്യുതി തേടി ബോർഡ് ഡയറക്ടർമാരും ഉന്നത ഉദ്യോഗസ്ഥരും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് അയച്ചു. അടിയന്തരമായി 1000 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാനാണ് ശ്രമം.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ സർക്കാരുകളുമായും വൈദ്യുതി വിതരണ കമ്പനികളുമായും ഉദ്യോഗസ്ഥർ നേരിട്ട് ചർച്ച നടത്തും. അസാം, ബീഹാർ, യു.പി, രാജസ്ഥാൻ, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളുമായി ഇപ്പോൾതന്നെ നിരന്തരം ബന്ധപ്പെടുന്നുണ്ട്. ഇതിന് പുറമേയാണ് നേരിട്ടുള്ള ദൗത്യം. പുതിയ വൈദ്യുതി കരാറുകളുടെ സാദ്ധ്യതയും പരിശോധിക്കും.

സി.ജെ.പി വീണ്ടും തെരുവിലേക്ക്; മഹാരാഷ്ട്ര വിദ്യാർഥി പ്രക്ഷോഭത്തിന് പിന്തുണ, അഭിജീത് ദീപ്കെ പങ്കെടുക്കും

മുംബൈ: മഹാരാഷ്ട്ര പബ്ലിക് സർവീസ് കമീഷൻ പരീക്ഷകളിലെ ചോദ്യപേപ്പർ ചോർച്ചയും നടത്തിപ്പിലെ ക്രമക്കേടുകളും ആരോപിച്ച് വിദ്യാർഥികൾ നടത്തുന്ന പ്രതിഷേധത്തിന് പിന്തുണ പ്രഖ്യാപിച്ച് കോക്രോച് ജനതാ പാർട്ടി. സി.ജെ.പി സ്ഥാപകൻ അഭിജീത് ദീപ്കെയും പ്രവർത്തകരും സമരത്തിൽ പങ്കെടുക്കുമെന്ന് സി.ജെ.പി അറിയിച്ചു.

എം.പി.എസ്.സി ഉദ്യോഗാർഥികളുടെ ഒരു സംഘം ഛത്രപതി സംഭാജിനഗറിലെ അഭിജീത് ദീപ്കെയുടെ വീട് സന്ദർശിച്ചതിന് പിന്നാലെയാണ് സി.ജെ.പി ഇക്കാര്യം അറിയിച്ചത്. എം.പി.എസ്.സി ചെയർമാനും സെക്രട്ടറിയും രാജിവെക്കണെമെന്നാണ് പ്രതിഷേധക്കാരുടെ ആവശ്യം. സെപ്റ്റംബർ 24നകം ആവശ്യം അംഗീകരിച്ചില്ലെങ്കിൽ എം.പി.എസ്.സി ഉദ്യോഗാർഥികളുമായി നേരിട്ട് സംവദിക്കുന്നതിനായി സംസ്ഥാനതല പര്യടനം സംഘടിപ്പിക്കുമെന്നും സി.ജെ.പി അറിയിച്ചു.

‘ഈ പോരാട്ടത്തിൽ സി.ജെ.പിയും ഞാനും എം.പി.എസ്.സി ഉദ്യോഗാർഥികൾക്കൊപ്പമാണ്. ഉദ്യോഗസ്ഥർ രാജിവെക്കുന്നത് വരെ ഉദ്യോഗാർഥികൾക്കൊപ്പം നിൽക്കും’ – അഭിജീത് ദീപ്കെ സമൂഹമാധ്യമത്തിൽ പങ്കുവെച്ച വിഡിയോയിൽ പറഞ്ഞു.

എം.പി.എസ്.സി പരീക്ഷാ ക്രമക്കേടിൽ ചെയർമാൻ വിവേക് ഭിമൻവാർ, സെക്രട്ടറി മഹേന്ദ്ര ഹർപാൽക്കർ എന്നിവർ രാജിവെക്കണമെന്നാണ് പ്രതിഷേധക്കാരുടെ പ്രധാന ആവശ്യം. ആവശ്യമുന്നയിച്ച് ഉദ്യോഗാർഥികൾ മഹാരാഷ്ട്രയിലെ വിവിധ ഇടങ്ങളിൽ പ്രതിഷേധം തുടരുകയാണ്.

പരീക്ഷാ സംവിധാനത്തിൽ സുതാര്യത ഉറപ്പാക്കണമെന്നും ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് കുറ്റക്കാരെ കണ്ടെത്തി കർശന നടപടി സ്വീകരിക്കണമെന്നും പ്രതിഷേധക്കാർ ആവശ്യപ്പെടുന്നു.

കെ.എസ്.ആർ.ടി.സി ദീർഘദൂര സർവിസ് മാത്രം ആറുവരിപ്പാതയിലൂടെ

തിരു : സംസ്ഥാനത്ത് നിർമാണം പൂർത്തിയായിവരുന്ന ആറുവരി ദേശീയപാതയിലൂടെ സഞ്ചരിക്കാൻ കെ.എസ്.ആർ.ടി.സിയുടെ ദീർഘദൂര സർവിസുകൾക്ക് മാത്രം മോട്ടോർ വാഹന വകുപ്പ് അനുമതി നൽകി. സ്വകാര്യ ബസുകളും കെ.എസ്.ആർ.ടി.സിയുടെ മറ്റു ബസുകളും സർവിസ് റോഡുകൾ വഴിമാത്രമേ സർവിസ് നടത്താവൂ. സുഗമമായ ഗതാഗതവും സുരക്ഷയും മുൻനിർത്തിയാണ് പുതിയ യാത്രാനിയന്ത്രണവുമായി മോട്ടോർ വാഹന വകുപ്പ് ഉത്തരവിറക്കിയത്.

യാത്രക്കാരുടെ സൗകര്യാർഥമാണ് ദീർഘദൂര സർവിസുകൾക്ക് പുതിയ ഉത്തരവിൽ ഇളവ് അനുവദിച്ചത്. കെ.എസ്. ആർ.ടി.സിയുടെ സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്, മിന്നൽ, ഡീലക്സ് തുടങ്ങിയ ദീർഘദൂര സർവിസുകൾക്ക് തടസ്സമില്ലാതെ ആറുവരിപ്പാത ഉപയോഗിക്കാം. ഹൈവേകളിലെ വേഗത നിലനിർത്തുന്നതിനും ലോക്കൽ ഗതാഗതം സർവിസ് റോഡുകളിലേക്ക് തിരിച്ചുവിടുന്നതിനുമാണ് ഈ ക്രമീകരണം.

സാധാരണ റൂട്ട് ബസുകൾ ആറുവരിപ്പാതയിലൂടെ സർവിസ് നടത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് ട്രാൻസ്പോർട്ട് കമീഷണർ നാഗരാജു ചകിലം മുന്നറിയിപ്പ് നൽകി. ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തിയാൽ ബസിന്റെ പെർമിറ്റ് റദ്ദാക്കാനും, ഉത്തരവാദികളായ ഡ്രൈവറുടെയും കണ്ടക്ടറുടെയും ലൈസൻസ് സസ്പെൻഡ് ചെയ്യാനുമാണ് മോട്ടോർ വാഹന വകുപ്പിന്റെ തീരുമാനം.

കഴിഞ്ഞ ദിവസം, ആറുവരി ദേശീയപാതയിൽ സ്റ്റേജ് ക്യാരേജ് ബസുകൾ വിലക്കി മോട്ടോർ വാഹന വകുപ്പ് ഉത്തരവിറക്കിയിരുന്നു. ഇതുവഴി സർവിസ് നടത്തുന്ന ഇത്തരം ബസുകൾ പ്രായമായവരും കുട്ടികളും ഉൾപ്പടെയുള്ള യാത്രക്കാരെ ഹൈവേയിൽ ഇറക്കിവിടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് നടപടി.ഇത്തരത്തിൽ ഇറക്കിവിടുമ്പോൾ ഹൈവേയിൽനിന്ന് പുറത്തിറങ്ങാൻ കിലോമീറ്ററുകൾ നടക്കേണ്ടിവരുന്നെന്ന് കാട്ടി നിരവധി പേർ പരാതി നൽകിയിരുന്നു.

സർവിസ് റോഡ് ഒഴിവാക്കി ആറുവരിപ്പാതയിലൂടെ മാത്രം സഞ്ചരിക്കുന്ന സ്റ്റേജ് കാരേജ് ബസുകളുടെ ദൃശ്യങ്ങൾ കഴിഞ്ഞ ഏതാനും ദിവസങ്ങളായി സമൂഹ മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുകയും ചെയ്തു. ഹൈവേയിൽ നിർത്തുന്ന ബസുകൾ പെട്ടെന്ന് റിവേഴ്സ് എടുക്കുന്നത് അപകടത്തിനും കാരണമാകുന്നുണ്ട്.

ഇക്കാര്യങ്ങൾ മുൻനിർത്തി നിയമങ്ങളിൽ വ്യക്തത വരുത്തുകയാണ് മോട്ടോർ വാഹന വകുപ്പ് ചെയ്തത്. ആറുവരിപ്പാതയിൽ ഒരിടത്തും വാഹനം നിർത്തിയിടാനുള്ള അനുമതിയില്ലെന്നും ഒരുസ്ഥലത്തും ബസ് സ്റ്റോപ്പുകൾ അനുവദിച്ചിട്ടില്ലെന്നും അധികൃതർ വ്യക്തമാക്കി.

പിണറായിയുടെ സോഷ്യൽ മീഡിയ മുഖം മിനുക്കിയത് 12 പേർ; നൽകിയത് മൂന്ന് കോടി! കണക്ക് പുറത്ത്

തിരു: പഴ്സനൽ സ്റ്റാഫിനെ കൂടാതെ സർക്കാരിൻറെ മുഖം മിനുക്കാനായി രണ്ടാം പിണറായി സർക്കാർ കോടികൾ ചെലവാക്കി സോഷ്യൽ മീഡിയാ ടീമിനെയും നിയോഗിച്ചിരുന്നതിന്റെ വിശദാംശങ്ങൾ പുറത്ത്. മുഖ്യമന്ത്രിയുടെ സമൂഹമാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നവർക്ക് ശമ്പളമായി മാത്രം 3 കോടിയിലേറെ രൂപ നൽകി. മന്ത്രിമാർക്കോ പ്രതിപക്ഷ നേതാവിനോ ഇല്ലാത്ത സോഷ്യൽ മീഡിയാ ടീം ഉണ്ടായിരുന്നത് പിണറായി വിജയന് മാത്രമെന്നും വിവരാവകാശ രേഖ വ്യക്തമാക്കുന്നു.

നല്ല മ്യൂസിക്കും പഞ്ച് ഡയലോഗുമൊക്കെയിട്ട് എഡിറ്റ് ചെയ്ത നിരവധി വിഡിയോ പിണറായി വിജയന്റെ ഫേസ്ബുക്ക് പേജിലാകെ കാണാം. അങ്ങനെ ഫേസ്ബുക്കിലെയും ഇൻസ്റ്റഗ്രാമിലെയുമൊക്കെ വിഡിയോകൾ ഗംഭീരമാക്കിയത് സർക്കാർ ഖജനാവിലെ കോടികൾ ഉപയോഗിച്ചാണെന്നാണ് വിവരാവകാശ രേഖ പറയുന്നത്.

ഒന്നാം സർക്കാരിൽ ഇല്ലാത്ത ഭരണപരിഷ്കാരമാണ് രണ്ടാം പിണറായി സർക്കാർ കൊണ്ടുവന്നത്. മുഖ്യമന്ത്രിയുടെ സമൂഹമാധ്യമങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക ടീം. 2022 മേയിൽ 12 പേരെ കരാറടിസ്ഥാനത്തിൽ നിയമിച്ചു. ആദ്യം ആറ് മാസത്തേക്കായിരുന്നു നിയമനമെങ്കിൽ പിന്നീട് ഭരണംപോകും വരെ പി.ആർ ഏജൻസിയെ പോലെ സൈബർ പട തുടർന്നു.

നിയമനം കരാർ അടിസ്ഥാനത്തിലാണങ്കിലും ശമ്പളത്തിൽ ആ കുറവൊന്നും പിണറായി വിജയൻ കാണിച്ചില്ല. ടീമിന്റെ തലവന് പ്രതിമാസം 78750 രൂപ, രണ്ടാമന് 73500. അങ്ങനെ 12ൽ 9പേർക്കും അമ്പതിനായിരത്തിന് മുകളിൽ മാസം കിട്ടും. ഇങ്ങനെ 4 വർഷം റീലും പോസ്റ്റുമൊക്കെയായി ഈ ടീം സോഷ്യൽ മീഡിയായിൽ മുഖ്യമന്ത്രിയുടെ മുഖം മിനുക്കി. ഇവർക്ക് ശമ്പളം ഇനത്തിലെ ചെലവ് 3,1763010 രൂപ. ഓഫിസ് ഉൾപ്പടെ സൗകര്യം ഒരുക്കിയ ചെലവ് കണക്കിലുമില്ല. 30ലേറെ പഴ്സനൽ സ്റ്റാഫും വിവരങ്ങൾ കൈമാറാൻ പി.ആർ.ഡി എന്ന വകുപ്പും ഉദ്യോഗസ്ഥ സംവിധാനവുമൊക്കെയുള്ളപ്പോൾ ഈ കോടികൾ പിണറായി പൊടിച്ചതെന്തിനാണെന്നാണ് ചോദ്യം ഉയരുന്നത്.

നടുറോഡിൽ തമ്മിലടി, പിടിച്ചുമാറ്റാനെത്തിയ പോലീസിനെ ആക്രമിച്ചു

കൊച്ചി: കളമശ്ശേരിയിൽ രണ്ട് സംഘം യുവാക്കൾ തമ്മിലുണ്ടായ സംഘർഷം തടയാനെത്തിയ പോലീസ് സംഘത്തിന് നേരെ യുവാക്കളുടെ ആക്രമണം. ആക്രമണത്തിൽ നാല് പോലീസുകാർക്ക് പരിക്കേറ്റു. ഇതിൽ ഒരു പോലീസുകാരന്റെ കൈയ്ക്ക് പൊട്ടലുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് രണ്ട് യുവാക്കളെ പോലീസ് കസ്റ്റഡിയിലെടുത്തു.

കഴിഞ്ഞ രാത്രി സൗത്ത് കളമശ്ശേരിയിലാണ് സംഭവം നടന്നത്. പ്രദേശത്ത് രണ്ടു സംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടൽ നടക്കുന്നതായി വിവരം ലഭിച്ചതിനെ തുടർന്നാണ് കളമശ്ശേരി പോലീസ് സ്ഥലത്തെത്തിയത്. പോലീസ് എത്തിയതോടെ ഇതിലൊരു വിഭാഗം പോലീസിന് നേരെ തിരിയുകയും ആക്രമിക്കുകയുമായിരുന്നു.

ആക്രമണത്തിൽ പോലീസ് വാഹനത്തിനും കേടുപാടുകൾ സംഭവിച്ചു. തുടർന്ന് കൂടുതൽ പോലീസുകാരെ സ്ഥലത്തേക്ക് വിളിച്ചുവരുത്തിയാണ് സ്ഥിതിഗതികൾ ശാന്തമാക്കിയത്.

ആക്രമണം നടത്തിയവർ ലഹരി ഉപയോഗിച്ചിരുന്നോ എന്നും ഇവരുടെ ക്രിമിനൽ പശ്ചാത്തലവും പോലീസ് പരിശോധിച്ചുവരികയാണ്. പോലീസിനെ ആക്രമിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്യുമെന്നും, സ്ഥലത്തുണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട് മറ്റു പരാതികൾ പരിശോധിക്കുമെന്നും പോലീസ് വ്യക്തമാക്കി.

1–ാം ചരമവാർഷികം
14.09.2026

മുരളി സ്വാമി
(ലക്ഷ്മി സ്വീറ്റ്സ്)
നല്ലേപ്പിള്ളി മഠം, പ്രസ്സ് ക്ലബ് റോഡ്, തൃശ്ശൂർ
ഭാര്യ: സരസ്വതി പി.എസ്.
മക്കൾ: അക്ഷയ് എം., ലക്ഷ്മി എം., **മരുമകൻ:** സന്ദീപ്
പേരക്കുട്ടി: കീർത്തന

ഇന്ന് കടമുടക്കം

ലക്ഷ്മി സ്വീറ്റ്സ്, പ്രസ്സ് ക്ലബ് റോഡ്, തൃശ്ശൂർ

Royal Flowers
Koodaly Arcade
AMBALLUR,
Alagappanagar-680302

Royal Flowers എന്ന സ്ഥാപനം ഇന്ന് രാവിലെ (2026 സെപ്തംബർ 14 തിങ്കൾ) മുതൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു
ഉദ്ഘാടന വേളയിൽ സംബന്ധിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

എന്ന്, പ്രൊപ്രൈറ്റർ
ഫോൺ: 9539130392, 9562328501

വിനായക
ചതുർത്ഥി
ആശംസകൾ...

ആദരാഞ്ജലികൾ

തട്ടിൽ വല്ലച്ചിറക്കാരൻ, കൊച്ചു വാറുണ്ണി ഭാര്യ
മേരി (83)
ചെറുപുഷ്പം യൂണിറ്റ്, ട്രിനിറ്റി മേഖല
അഞ്ചേരി, ജവഹർ റോഡ്

സംസ്കാരം : 14.09.2026 തിങ്കളാഴ്ച ഉച്ചതിരിഞ്ഞ് 4.00 മണിക്ക് ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന പള്ളി സെമിത്തേരിയിൽ
ദുഃഖാർത്തരായ മക്കൾ, മരുമക്കൾ, മറ്റുകുടുംബാംഗങ്ങൾ

ആദരാഞ്ജലികളോടെ :
തോംസൺ ഗ്രൂപ്പ്, കൊമ്പൊടിഞ്ഞാമാക്കൽ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

ബേബി ജോണിന് വിട

വിട
സിപിഐഎം മുൻ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം
സ. ബേബി ജോൺ മാസ്റ്റർ അന്തരിച്ചു
ആദരാഞ്ജലികൾ

തൃശൂർ: ഞായർ അന്തരിച്ച സി.പി.എം.ന്റെ സമുന്നത നേതാവ് ബേബി ജോണിന് സാംസ്കാരിക നഗരി വിട ചൊല്ലി.

തിങ്കൾ കാലത്ത് തന്റെ പ്രവർത്തന ഇടമായിരുന്ന അഴീക്കോടൻ മന്ദിരത്തിലെത്തിച്ച ഭൗതികശരീരത്തിൽ നാനാ തുറകളിൽപ്പെട്ടവർ അന്ത്യാഭിവാദ്യം അർപ്പിച്ചു.

സി.പി.എം. ജില്ലാ സെക്രട്ടി കെ.വി.അബ്ദുൾ കാദർ, പാർട്ടി പി ബി. അംഗം എ.വിജയരാഘവൻ എന്നിവരുടെ നേതൃത്വത്തിൽ ചെമ്പതാകപുതപ്പിച്ചു.

ബേബി ജോണിന്റെ നിര്യാണത്തിൽ സി.പി.എം. ജില്ലാ സെക്രടേറിയറ്റും സി.പി.ഐ ജില്ലാ കൗൺസിലും അത്യാഘാദ ദുഃഖം രേഖപ്പെടുത്തി

11.30 ഓടെ ഭൗതിക ശരീരം വിലാപയാതയായി ചാവക്കാടേക്ക് കൊണ്ടുപോയി. വൈകീട്ട് സംസ്കാരം.

ബേബി ജോണിന്റെ വിയോഗത്തോടെ തൃശൂർ ജില്ലയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരക്കാരനാണ് നഷ്ടമായത്.

ACER 2026 ഉദ്ഘാടനം ചെയ്തു

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളേജ് (ഓട്ടോണമസ്), ഇരിങ്ങാലക്കുടയിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിന്റെ അസോസിയേഷൻ ഡേ അളജ്ഞ 2026, സെപ്റ്റംബർ 11-ന് കൂട്ടനെല്ലൂർ ശ്രീ സി അച്യുതമേനോൻ കോളേജിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ കുമരേശൻ കെ. ഉദ്ഘാടനം നിർവഹിച്ചു. Edge, AI & TinyML: Bringing Next-Generation AI to Everyday Devices" എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണം നടത്തി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, എഡ്ജ് എഐ, ടൈനി എം എൽ എന്നിവയുടെ പ്രായോഗിക സാധ്യതകളും തൊഴിൽ-ഗവേഷണ മേഖലകളിലെ അവസരങ്ങളും അദ്ദേഹം വിദ്യാർത്ഥികളുമായി പങ്കുവച്ചു.

കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസ്സി അധ്യക്ഷയായിരുന്നു. സെൽഫ് ഫിനാൻസിംഗ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. സിസ്റ്റർ റോസ് ബാസ്റ്റിൻ ആശംസകൾ നേർന്നു.

കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവി അമ്പിളി ജേക്കബ് സ്വാഗതം ആശംസിച്ചു. അസോസിയേഷൻ സെക്രട്ടറി അൽവീന പോൾ നന്ദി രേഖപ്പെടുത്തി. തുടർന്ന് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി.

മോഷണ ശ്രമത്തിനിടെ പ്രതി പിടിയിൽ

കുന്നംകുളം: ചാവക്കാട് വീട്ടിൽ മോഷണത്തിന് ശ്രമിച്ച ഇതര സംസ്ഥാന തൊഴിലാളിയെ ചാവക്കാട് പോലീസ് അറസ്റ്റ് ചെയ്തു. അസം സ്വദേശിയ രാധേശ്യാം ഗർഹ് ആണ് അറസ്റ്റിലായത്.

ഗ്രന്ഥശാല ദിനം ആചരിച്ചു

തൃശ്ശൂർ: സെപ്റ്റംബർ 14 ഗ്രന്ഥശാല ദിനവുമായി ബന്ധപ്പെട്ട് പൂങ്കുന്നം ജ്ഞാനോദയം വായനശാല ഗ്രന്ഥശാല ദിനം ആചരിച്ചു. തൃശ്ശൂർ കോർപ്പറേഷൻ പ്രതിപക്ഷ നേതാവ് ടി ആർ ഹിരൺ ഗ്രന്ഥശാല ദിന പരിപാടികൾ ഉദ്ഘാടനം ചെയ്തു.

ലൈബ്രറി പ്രസിഡന്റ് ഉഷ നമ്പീശൻ അധ്യക്ഷത വഹിച്ചു.

തൃശൂർ കോർപ്പറേഷൻ കൗൺസിലർ രഘുനാഥ് സി മേനോൻ സമ്മാനവിതരണം നിർവഹിച്ചു. സെക്രട്ടറി ബിജു ഫ്രാൻസിസ് വൈസ് പ്രസിഡന്റ് പി ആർ ഗോപാലകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു

തൃശ്ശൂർ കോർപ്പറേഷൻ 2026 ലെ മികച്ച കേര കർഷകനായി തെരഞ്ഞെടുത്ത പോൾസൺ കോട്ടയത്തുകാരൻ, ഗ്രന്ഥശാലകൾക്കായി ഗ്രന്ഥം എന്ന പുതിയ സോഫ്റ്റ്‌വെയർ നിർമ്മിച്ചു നൽകിയ പി.കെ ദിവാകരൻ എന്നിവരെ ആദരിച്ചു. എസ് എസ് എൽ സി,

പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയത്തിലും ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു.

അംഗത്വ വിതരണം പുസ്തക സമാഹരണം അക്ഷരദീപം തെളിയിക്കൽ എന്നീ പരിപാടികളും സംഘടിപ്പിച്ചു.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

O.S.1051/2020, IA. 3/2025

പറവൂർ താലൂക്ക്, പറവൂർ വില്ലേജ്, നന്ത്യാട്ടുകുന്നം ദേശത്ത്, നന്ത്യാട്ടുകുന്നം ഖാദി മന്ദിരത്തിന് സമീപം, ഇരനുള്ളിൽ വീട്ടിൽ ജോസഫ് മകൻ 43 വയസ്സ് അനൂപ് ജോസഫ്

-ഹർജിക്കാരൻ

1. സമൂഹം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, മെയിൻ റോഡ്, ഇരിങ്ങാലക്കുട,ക്കുവേണ്ടി ഡെപ്യൂട്ടി ചെയർമാൻ ഷീജ ജോൺ, മാമ്പുള്ളി വീട്, മെയിൻ റോഡ്, ഇരിങ്ങാലക്കുട
2. ടി ക്ക് വേണ്ടി മാനേജിംങ്ങ് ഡയറക്ടർ, വി.ടി. ജോസഫ്, വള്ളിവട്ടത്തുകാരൻ വീട്, മഠത്തിക്കര ലെയിൻ, ഇരിങ്ങാലക്കുട
3. ടി ക്ക് വേണ്ടി ഡയറക്ടർ ജെയ്നിപാലു, ചുക്കിരിയൻ വീട്, റെയിൽവേ സ്റ്റേഷൻ റോഡ്, ഇരിങ്ങാലക്കുട
4. ടി ക്ക് വേണ്ടി ഡയറക്ടർ, കെ.വി. തമ്പി, കോഴിപറമ്പിൽ വീട്, കയ്പ്പമംഗലം, പ്രൊപ്രൈറ്റർ നിത ഫിനാൻസ് ലിമിറ്റഡ്, കയ്പമംഗലം

-2, 3, 5, 6 എതൃകക്ഷികൾ

മേൽ നമ്പിലെ ഐ.എ. 3/2025 നമ്പർ ഹർജിയിൽ 2, 3, 5, 6 എതൃകക്ഷികൾക്കുള്ള നോട്ടീസ് വാസസ്ഥലത്തും, കോടതിയിലും പതിച്ച് നടത്തുന്നതിനും, പത്രത്തിൽ പരസ്യം ചെയ്യുന്നതിനും അനുവദിച്ച് മേൽ നമ്പർ കേസ് **8-10-2026** തിയ്യതി വിചാരണക്ക് വെച്ചിട്ടുള്ളതും, ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ തീർപ്പ് കൽപ്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 11-9-2026

ഹർജിഭാഗം അഡ്വക്കെറ്റ് :

കെ. ജഗദീഷ് (കൊല്ലേരി) (ഒപ്പ്)

സഖാവ് പി.കെ ചാത്തൻ മാസ്റ്റർ കമ്മ്യൂണിസ്റ്റുകാരുടെ വഴികാട്ടി: ബിനോയ് വിശ്വം

ഇരിങ്ങാലക്കുട :പി.കെ. ചാത്തൻ മാസ്റ്റർ കമ്മ്യൂണിസ്റ്റുകാരുടെ എക്കാലത്തേയും വഴികാട്ടിയാണെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. മാപ്രാണത്തെ ചാത്തൻ മാസ്റ്ററുടെ വീട് സന്ദർശിക്കുകയും കുടുംബാംഗളുമായി സൗഹൃദ സംഭാഷണം നടത്തുകയും ചെയ്ത ശേഷം പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമുന്നത നേതാവും ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ അംഗവുമായിരുന്ന സഖാവിനെ തട്ടിപ്പറിക്കാൻ ബിജെപി പ്രഭൃതികൾ ശ്രമിക്കുന്നത് അദ്ദേഹത്തിന്റെ ചോരയുടെ മഹത്വം മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണ്. ഇത് ബിജെപി സംഘപരിവാറിന്റെ രാഷ്ട്രീയ പാപ്പരത്തമാണെന്നും ബിനോയ് വിശ്വം പറഞ്ഞു. ബിജെപിയുടെ കൈകളിൽ പുരണ്ട ദളിത് വേട്ടയുടെ പാപക്കറ മറയ്ക്കാനുള്ള പാഴ്ശ്രമമാണിതെന്നും അദ്ദേഹം പറഞ്ഞു. കമ്മ്യൂണിസ്റ്റ് വിരോധം മൂത്ത് 'ചാത്തൻ പൂട്ടാൻ പോകട്ടെ' എന്ന് മുദ്രാവാക്യം മുഴക്കിയവരാണവർ. ചാത്തൻ മാഷ് ആരാണെന്ന് അവർക്കറിയില്ല. മാഷിന്റെ രക്തത്തിൽ പിറന്നവർ ബിജെപിക്കൊപ്പം ചെല്ലുമെന്ന് വ്യാമോഹിക്കുകയും വേണ്ട - ബിനോയ് വിശ്വം പറഞ്ഞു.

ചാത്തൻ മാസ്റ്ററുടെ മൂത്ത മകൻ പി സി മോഹനൻ ബിജെപിയുടെ നിലപാടിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തി. ബിജെപിയുടെ അവകാശ വാദം അവഗണിക്കപ്പെടേണ്ട ഒന്നാണെന്ന് ചാത്തൻ മാഷുടെ മകൻ പി സി മോഹനൻ വ്യക്തമാക്കി. ജീവിച്ചിരിക്കുന്ന ഞങ്ങളിൽ ഒരാളെ പോലും അങ്ങോട്ട് വിളിച്ചു കയറ്റാൻ കഴിയില്ലെന്ന് അവർക്കറിയാം. അതുകൊണ്ടാവാം മരിച്ചു പോയവരെ കൂടെ ചേർക്കുമെന്ന് പറയുന്നത്. ഈ അടുത്ത കാലത്ത് ചേർന്ന മനുഷ്യരെല്ലാം ബിജെപിയിൽ നിന്നും ഇറങ്ങി പോവുന്ന കാഴ്ച്ചയാണ് കാണുന്നതെന്നും പി സി മോഹനൻ പറഞ്ഞു.

ചാത്തൻ മാഷുടെ മക്കളുടെ നേതൃത്വത്തിൽ കുടുംബാംഗങ്ങൾ പാർട്ടി സെക്രട്ടറിയെ ഷാൾ അണിയിച്ചു സ്വീകരിച്ചു. സിപിഐ ജില്ലാ സെക്രട്ടറി കെ ജി ശിവാനന്ദൻ, ജില്ലാ എക്സിക്യൂട്ടീവ് അംഗം പി മണി, മണ്ഡലം സെക്രട്ടറി എൻ കെ ഉദയപ്രകാശ്, സെക്രട്ടേറിയറ്റ് അംഗങ്ങളായ കെ കെ ശിവൻ, കെ എസ് പ്രസാദ്,കെ എസ്.ബൈജു,മുതിർന്ന നേതാവ് കെ ശ്രീകുമാർ, നഗരസഭ കൗൺസിലർ അൽഫോൺസ തോമസ് എന്നിവർ പങ്കെടുത്തു.

വീട് സ്ത്രീ സംവരണമാക്കരുത്: അഡ്വ: കുക്കു ദേവകി

തൃശൂർ: പെണ്ണുങ്ങൾക്കു നേരെയുള്ള തുറിച്ചു നോട്ടത്തിനെതിരെപെണ്ണുങ്ങളുടെ തന്നെ ശക്തമായ ചെറുത്തു നിൽപ്പ് ഉണ്ടാകണമെന്ന് ആക്ടിവിസ്റ്റും, സ്ത്രീ സംരക്ഷണ പ്രവർത്തകയുമായ അഡ്വ: കുക്കു ദേവകി ആവശ്യപ്പെട്ടു. അടുക്കള - വീട്ടകങ്ങൾ സ്ത്രീ സംവരണ ഇടങ്ങളാണെന്ന പരമ്പരാഗത രീതികൾ മാററണം. കറുപ്പ്-വെളുപ്പ് നിറം മുൻ നിർത്തിയ ആൺ മനസ്സാധിപത്യം ഇല്ലാതാക്കണമെന്നും കുക്കു ആവശ്യപ്പെട്ടു.

പൊതു ഇടങ്ങളിലെ പെൺ മനസ് - സംവാദത്തിൽ വിഷയാവതരണം ചെയ്യുകയായിരുന്നു കുക്കു ദേവകി.

തൃശൂർ സാംസ്കാരിക അക്കാദമി യാണ് സംവാദം ഒരുക്കിയത്.

നാഷണൽ ബുക്ക് സ്റ്റാളിലെ സംവാദത്തിൽ മാധവിക്കുട്ടി, അഡ്വ: എ.ഡി. ബെന്നി മോഡറേറ്ററായി. പി.ജി.ഉഷടീച്ചർ, ശ്രീലത രാജീവ്, ജബീറ ബീഗം, രവീന്ദ്രൻ കൈനൂർ, രാജൻ എലവത്തൂർ, ഡേവിസ് കണ്ണമ്പുഴ, പി. ഉദയകുമാർ, പ്രഫ.വി.പി ജോൺസ്, ആന്റോ കുണ്ടുകുളം, ജോസ് മഞ്ഞില, മുരുകൻ വെട്ടിയാട്ടിൽ സംസാരിച്ചു.

കെ എം ആർ എൽ നിന്ന് രഹസ്യ രേഖകൾ ചോർന്നു; ഉദ്യോഗസ്ഥരും സംശയനിഴലിൽ; അന്വേഷണം ശക്തമാക്കി

കൊച്ചി: കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽനിന്ന് (KMRL) ചില പ്രധാന രേഖകൾ ചോർന്നതായി ജില്ലാ കളക്ടർ ജി. പ്രിയങ്ക. ചോർന്ന വിവരങ്ങളിൽ പലതും രഹസ്യസ്വഭാവമുള്ളവയാണെന്നും അന്വേഷണത്തിലൂടെ മാത്രമേ പൂർണമായ വിവരങ്ങൾ ലഭ്യമാവൂ എന്നും കളക്ടർ പറഞ്ഞു.

ഫോട്ടോകോപ്പി എടുക്കുന്ന കോപ്പികൾ മറ്റൊരു മെയിലിലേക്കുകൂടി അയയ്ക്കുകയായിരുന്നു. ഇത്തരത്തിൽ വന്ന പല പരാതികളുടെ അടിസ്ഥാനത്തിലാണ് അന്വേഷണമെന്നും കളക്ടർ അറിയിച്ചു.

ഫോട്ടോകോപ്പിക്കായി അയയ്ക്കുന്ന മെയിലുകൾ മറ്റൊരു മെയിലിലേക്ക് പോവുകയും അവിടെനിന്ന് അത് ചോരുകയും ചെയ്യുന്നുവെന്നാണ് കളക്ടർ പറയുന്നത്. ഏതാനും ഉദ്യോഗസ്ഥർ ഇത്തരത്തിൽ പരാതികൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് സൈബർ അന്വേഷണം നടത്താൻ തീരുമാനിച്ചത്.

കെ.എം.ആർ.എൽ. ഉദ്യോഗസ്ഥർ തന്നെയാണോ ഇതിനു പിന്നിലെന്നടക്കം കണ്ടെത്തേണ്ടതുണ്ടെന്നും കളക്ടർ പറഞ്ഞു. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്കേ ഈ ചോർച്ച എത്രത്തോളം ഹാനികരമായി ബാധിച്ചിട്ടുണ്ടെന്നറിയാൻ കഴിയൂ. കുറ്റവാളികളെ കണ്ടെത്തുന്ന പക്ഷം ശക്തമായ നടപടിയുണ്ടാകുമെന്നും കളക്ടർ പറഞ്ഞു.

മുതിർന്ന പൗരന്മാർക്കായി സൗജന്യ നേത്ര തിമിര ശസ്ത്രക്രിയ നിർണ്ണയ ക്യാമ്പ് നടത്തി

തൃശൂർ/എളവള്ളി : സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ എളവള്ളി ഗ്രാമപഞ്ചായത്തിന്റെയും തൃശൂർ ജനറൽ ആശുപത്രി നേത്ര പരിശോധന മൊബൈൽ യൂണിറ്റിന്റെയും സഹകരണത്തോടെ എളവള്ളി ഗ്രാമപഞ്ചായത്ത്മോഡൽ സായംപ്രഭ ഹോമിലെ മുതിർന്ന പൗരന്മാർക്കും, ഗ്രാമപഞ്ചായത്ത്പരിധിയിലെ ബി. പി.എൽ വിഭാഗത്തിൽ ഉൾപ്പെട്ട മുതിർന്ന പൗരന്മാർക്കുമായി സൗജന്യ നേത്ര തിമിര ശസ്ത്രക്രിയ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു.

സൗജന്യ നേത്ര തിമിര ശസ്ത്രക്രിയ നിർണ്ണയ ക്യാമ്പ് എളവള്ളി ഗ്രാമപഞ്ചായത്ത്പ്രസിഡന്റ് സരിത കെ.യു ഉദ്ഘാടനം ചെയ്തു. എളവള്ളി ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് അശോകൻ മൂക്കോല അധ്യക്ഷത വഹിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസർ പ്രദീപൻ.കെ.ആർ, ആരോഗ്യകാര്യ സ്ഥാൻഡിംഗ് കമ്മിറ്റി ചെയർമാൻ ചിത്ര രതീഷ്, വാർഡ് മെമ്പർമാരായ ശ്രീബിത ഷാജി,സതി അനിൽകുമാർ, ജില്ലാ ഒഫ്താൽമിക് കോ ഓർഡിനേറ്റർ രവി.വി.കെ, നേത്ര രോഗ വിദഗ്ധരായ ഡോ.ഷാലോസ് നോവ.ബി.വി,ഡോ:രൂപ,സാമൂഹ്യനീതി വകുപ്പ് സായംപ്രഭ മാനേജർ കം ഫെസിലിറ്റേറ്റർ മാർഷൽ.സി.രാധാകൃഷ്ണൻ, ഐ. സി. ഡി. എസ്.സൂപ്പർവൈസർ രശ്മി.പി.ആർ, ഓപ്റ്റോമെട്രിസ്റ്റുമാരായ പ്രകാശ്. ടി.സി,രമ്യ സി.എസ് എന്നിവർ സംസാരിച്ചു.

സായംപ്രഭ കെയർ ഗിവർ ലിനി.സി.ജെ , കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്റർ ദേവിക.പി.പി അംഗണവാടി വർക്കേഴ്സ് ആയ ജ്യോതി.എ.ബി,ലീല.ടി.വി, സീന.എ.ജെ, രേഷ്മ.എ.പി,സുമി.ഓ.കെ,ഗീതു മനീഷ് എന്നിവർ ക്യാമ്പിൽ മുതിർന്നപൗരന്മാർക്ക് സേവനങ്ങൾ നൽകി. തൃശൂർ സെന്റ് തോമസ് ഓട്ടോണോമസ് കോളേജ് സോഷ്യൽവർക്ക് വിഭാഗം വിദ്യാർത്ഥികളും മുതിർന്നവർക്ക് സേവനങ്ങളുമായി ക്യാമ്പിൽ സജീവമായി.

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ 'അടൽ വയോ അഭ്യുദയ യോജന' (AVYAY) പദ്ധതി പ്രകാരം 'തിമിര രഹിത ഇന്ത്യ' എന്ന ലക്ഷ്യത്തോടെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ട മുതിർന്ന പൗരന്മാർക്ക് സൗജന്യമായി തിമിര ശസ്ത്രക്രിയ നടത്തുന്നതിന്റെ ഭാഗമായി ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ക്യാമ്പുകൾ ജില്ലാതലത്തിൽ സംഘടിപ്പിച്ച് വരികയാണ്. കോർപ്പറേഷൻ പരിധിയിലെ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെട്ട നൂറ് മുതിർന്ന പൗരന്മാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർ പ്രദീപൻ.കെ.ആർ അറിയിച്ചു.

വിയ്യൂർ ഗ്രാമീണ വായനശാല

1942-ൽ ക്വിറ്റ് ഇന്ത്യ പ്രക്ഷോഭം ഉയർത്തിയ ആവേശത്താൽ പ്രചോതിതരായ ഏതാനും യുവദേശാഭിമാനികളുടെ മനസ്സിലാണ്. തൃശ്ശൂർ പട്ടണത്തെ ഉരുമി നിൽക്കുന്ന വിയ്യൂർ ഗ്രാമത്തിൽ ഒരു വായനശാല സ്ഥാപിക്കണം എന്ന ആശയം ആദ്യം ഉടലെടുത്തത്.

1942-ൽ തന്നെ ആ ആശയം പ്രാവർത്തികമാക്കി വിയ്യൂർ ഗ്രാമീണവായനശാല പ്രവർത്തനം ആരംഭിച്ചു. സ്വതന്ത്ര്യസമരത്തിന്റെ ഭാഗമായി നടന്നിരുന്ന മദ്യവർജ്ജനം, നൂൽനൂൽപ് ആയിത്തോച്ചാടനം, ഹിന്ദി പ്രചാരണം തുടങ്ങിയ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലെല്ലാം വായനശാലയിലെ പ്രവർത്തകർ സജ്ജീവമായി പങ്കെടുത്തു. പ്രഥമ പ്രസിഡണ്ട് വി.ആർ. ഗോവിന്ദൻ എഴുത്തച്ഛനും സാഹിത്യകാരന്മാരായ തേറമ്പിൽ ശങ്കുണ്ണിമേനോൻ, വിദ്വാൻ വെള്ളാക്കൽ ഗോവിന്ദൻ മേനോൻ എന്നിവരാണ് ആദ്യകാല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. അവരുടെ ഫലമായി വായനശാലയ്ക്ക് ആദ്യം തിരു-കൊച്ചി ഗ്രന്ഥാലയ സംഘത്തിന്റെയും പിന്നീട് കേരളസംസ്ഥാന രൂപീകരണത്തെ തുടർന്ന് കേരള ഗ്രന്ഥശാല സംഘത്തിൻറെയും അഫിലിയേഷൻ ലഭിച്ചു. 1957-ൽ ആണ് വായനശാലയ്ക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിനുള്ള ശ്രമം തുടങ്ങിയത്. ആ ദശകത്തിൽ തന്നെ മനോഹരമായ കെട്ടിടം പണിയിച്ച് അതിൽ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞു. ചിൽഡ്രൻസ് അസോസിയേഷൻ, ഫ്രൻഡ്സ് ക്ലബ്ബ്, യങ്ങ് ഫാർമേഴ്സ് ക്ലബ്ബ്, യംഗ് മെൻസ് അസോസിയേഷൻ, വനിത വേദി, ഉർജ്ജ പരിസ്ഥിതി സെൽ തുടങ്ങിയ നിരവധി ഉപവിഭാഗങ്ങൾ വായനശാലയുടെ അനുബന്ധമായി പ്രവർത്തിച്ചിരുന്നു. 1967-ൽ രജതജൂബിലി ആഘോഷവേളയിലാണ് വായനശാലയ്ക്ക് എ ഗ്രഡ് ലഭിച്ചത്.

1972-ൽ 30-ാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി ആരംഭിച്ച ചെസ്സ് ടൂർണ്ണമെന്റ് ഇന്ന് ഏഷ്യയിലെ ഏറ്റവും പഴക്കം ചെന്ന ടൂർണ്ണമെന്റ് ആണ്. 48-ാമത്തെ വർഷമായ 2019-ൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രഗല്ഭരായ കളിക്കാർ പങ്കെടുത്തിരുന്നു. 2012-ൽ വായനശാല കെട്ടിടം നവീകരിക്കുകയുണ്ടായി. അതിനോടനുബന്ധിച്ച് ആരംഭിച്ച ഡിജിറ്റൽ ലൈബ്രറി ജില്ലയിലെ ആദ്യത്തെ ഡിജിറ്റൽ ലൈബ്രറിയാണ്.

ഗ്രന്ഥസംഖ്യ ആനുകാലികങ്ങളുടെ എണ്ണം, പ്രതിദിന വായനക്കാരുടെ എണ്ണം പുസ്ത്ബിതരണസംഖ്യ, ഫർണിച്ചർ സൗകര്യങ്ങൾ, ആഹ് കംമ്പ്യൂട്ടറുകൾ ഉള്ള ഡിജിറ്റൽ വിഭാഗത്തിലെ സൗകര്യങ്ങൾ, തുടങ്ങി വിവിധ കാര്യങ്ങളിൽ പുലർത്തിയ മികവ് ആണ് വിയ്യൂർ ഗ്രാമീണ വായനശാലയ്ക്ക് താലൂക്കിലെ ഏറ്റവും നല്ല ഗ്രന്ഥശാലയ്ക്കുള്ള പുരസ്കാരം 2014-ൽ നേടികൊടുത്തത്.

2014-ൽ ശേഷം വായനശാല പുരോഗതിയുടെ പാതയിലൂടെയുള്ള ജൈത്രയാത തുടർന്നു. ഈ ജൈത്രയാത്രയിൽ 30 വർഷത്തിലധികം വായനശാല പ്രസിഡണ്ടായ പ്രൊഫ. എം. ഹരിദാസിനേയും പിന്നി. സണ്ണിയേയും പ്രത്യേകം അനുസ്മരിക്കുന്നു. 2017-2018 വർഷം നടന്ന പ്ലാറ്റിനംജൂബിലി ആഘോഷത്തിന്റെ ഭാഗമായി കെട്ടിടത്തിന്റെ രണ്ടാനിലയിൽ 150 പേർ പങ്കെടുക്കുന്ന പരിപാടികൾ നടത്താവുന്ന ഹാൾ സജ്ജീകരിക്കുകയുണ്ടായി. പ്ലാറ്റിനം ജൂബിലി ഹാൾ എന്ന് പേരിട്ടിരിക്കുന്ന ഈ ഹാളിൽ ഉച്ചഭാഷിണിയും ഫിലിം പ്രോജ്ക്ടറിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിയ്യൂരും പരിസരപ്രദേശങ്ങളിലുള്ള സംഘടനകളുടെ സാംസ്കാരിക പരിപാടികൾക്ക് നാമമാത്രമായ പ്രതിഫലം മാത്രം ഈടാക്കി അത് വാടയ്ക്ക് നൽകിവരുന്നുണ്ട്. സന്തോഷ് കെ.എഫ്. പ്രസിഡണ്ടും പി. ഉദയകുമാർ സെക്രട്ടറിയുമായ കമ്മിറ്റിയാണ് ഇന്ന് വായനശാല ഭരണസമിതി നയിക്കുന്നത്.

ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യത

തൃശ്ശൂർ: സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നതിനിടെ താൽകാലിക ആശ്വാസമായി മഴയെത്തും. വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു. പത്തനംതിട്ട, ഇടുക്കി, പാലക്കാട് ജില്ലകളിൽ ഇന്ന് യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് മുതൽ മൂന്നു ദിവസത്തേക്ക് ഒറ്റപ്പെട്ട ഇടിമിന്നലോട് കൂടിയ മഴക്ക് സാധ്യത. ചൊവ്വാഴ്ച കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലും ബുധനാഴ് കോഴിക്കോട്, വയനാട്, കണ്ണൂർ, ഇടുക്കി ജില്ലകളിലും യെല്ലോ അലേർട്ട് അറിയിച്ചു.

നിര്യാതനായി

പി ഗോപാലൻ ചെട്ടിയാർ



ഇരിങ്ങാലക്കുട : റിട്ട : എം വി ഐ വെസ്റ്റ് കോമ്പാറ ശ്രിംഗനേടത്ത് എസ് പി ഗോപാലൻ ചെട്ടിയാർ (87) നിര്യാതനായി ഭാര്യ: അംബിക മക്കൾ : സുമേഷ്, പ്രീത. മരുമകൾ: മോഹൻലാൽ, രഞ്ജു. സംസ്കാരം നടത്തി.

വാണിയംപാറയിൽ ബസ് കാത്തുനിന്നവരെ കാറിടിച്ച് ഒരാൾക്ക് ദാരുണാന്ത്യം

തൃശ്ശൂർ: വാണിയംപാറയിൽ ബസ് കാത്തു നിന്നവരെ കാറിടിച്ചു ഉണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. രണ്ടു പേർക്ക് പരിക്കേറ്റു. വാണിയംപാറ സ്വദേശി അബ്ദുൽ റസാക്ക് ആണ് മരിച്ചത്. വാണിയംപാറ സ്വദേശികളായ പ്രദീപ്, മണികണ്ഠൻ എന്നിവർക്ക് പരിക്കേറ്റു.ഇന്ന് രാവിലെ ആറുമണിയോടെയാണ് അപകടം ഉണ്ടായത്. റോഡരികിൽ ബസ് കാത്തുനിൽക്കുകയായിരുന്ന ഇവരെ നിയന്ത്രണം വിട്ട കാർ വന്ന് ഇടിക്കുകയായിരുന്നു.

പാസ്പോർട്ട് നഷ്ടപ്പെട്ടു

എന്റെ പേരിലുള്ള പാസ്പോർട്ട്, പാസ്പോർട്ട് നമ്പർ E 2862040 തിരിച്ചു കിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടു. കണ്ടു കിട്ടുന്നവർ താഴെ കാണുന്ന മേൽവിലാസത്തിലോ അടുത്തുള്ള പോലീസ് സ്റ്റേഷനിലോ വിവരം അറിയിക്കുക.

ലയ കെ. കെ
കൊല്ലാട്ട് വീട്,
ചേറ്റുപുഴ പി ഒ. തൃശൂർ

ഗ്രന്ഥശാല ദിനാഘോഷം

കൂർക്കഞ്ചേരി: സെപ്റ്റംബർ 14 ഗ്രന്ഥശാല ദിനത്തിൽ വടൂക്കര സന്മാർഗ്ഗദീപം ഗ്രാമീണ വായനശാല അങ്കണത്തിൽ പ്രസിഡന്റ് തിലകൻ കൈപ്പുഴ പതാകയുയർത്തി. സെക്രട്ടറി ടി.കെ സത്യൻ, വൈസ് പ്രസിഡന്റ് ഉഷനന്ദിനി, താലൂക്ക് ലൈബ്രറി കൗൺസിൽ പ്രതിനിധികളായ പ്രമോദ് സി.പി, പി.മൊഹമ്മദ് ബാബു, ഷെയ്ഹാൻ പി എം, ഷൈല ജെയിംസ് എന്നിവർ സംസാരിച്ചു.

വൈകീട്ട് 5 മണിക്ക് ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ പ്രസക്തി,എന്ന് വിഷയത്തിൽ പ്രഭാഷണവും, വൈകീട്ടും 6.30 ന് അക്ഷരദീപം തെളിയിക്കും.

വയലാർ ചലച്ചിത്രഗാനാലാപന മത്സരം

ഇരിങ്ങാലക്കുട: ചമയം നാടകവേദിയുടെ പുല്ലൂർ നാടകരാവിന്റെ ഭാഗമായി അനശ്വര കവി വയലാറിന്റെ സ്മരണാർത്ഥം ഒക്ടോബർ 21നു കാലത്ത് 9 മണി മുതൽ ഇരിങ്ങാലക്കുട ടൗൺ ഹാളിൽ വയലാർ ചലച്ചിത്രഗാനാലാപന മത്സരം നടത്തുന്നു. വിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിക്കുന്നതാണ്.

പങ്കെടുക്കുന്നവർ ഒക്ടോബർ 10നു മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൺവീനർ: സ്മിജിത്ത്കുമാർ (9061878930)

കോടതി പരസ്യം

ബഹു: മൂന്നാം അഡീഷണൽ ജില്ലാ കോടതി തൃശ്ശൂർ മുമ്പാകെ

MHOP 87/2026

ചാലക്കുടി താലൂക്ക്, വെള്ളിക്കുളങ്ങര വില്ലേജ്, ആയുർവ്വേദ ആശുപത്രിക്ക് സമീപം, വെള്ളിക്കുളങ്ങര ദേശം, പി.ഒ.ചൊക്കന, പിൻ-680 699, മാന്താനത്ത് വീട്ടിൽ ഔസേപ്പ് ഭാര്യ, 82വയസ്സ്, ഏലമ്മ

-ഹർജിക്കാരി

ചാലക്കുടി താലൂക്ക്, വെള്ളിക്കുളങ്ങര വില്ലേജ്, ആയുർവ്വേദ ആശുപത്രിക്ക് സമീപം, വെള്ളിക്കുളങ്ങര ദേശം, പി.ഒ.ചൊക്കന, പിൻ.680 699, മാന്താനത്ത് വീട്ടിൽ ഔസേപ്പ് മകൻ, 54 വയസ്സ്, ജോർജ്ജ് എന്ന വിൽസൺ (50% Disability) വികലാംഗൻ

1. ചാലക്കുടി താലൂക്ക്, മറ്റത്തൂർ വില്ലേജ്, മാങ്കുറ്റിപ്പാടം ഗ്രാമ മന്ദിരത്തിന് സമീപം താമസം, മാങ്കുറ്റിപ്പാടം ദേശത്ത്, പി.ഒ.പാഡി, പിൻ-680 699, മാന്താനത്ത് വീട്ടിൽ ഔസേപ്പ് മകൻ, 65 വയസ്സ്, ജോയ്.
2. ചാലക്കുടി താലൂക്ക്, വെള്ളിക്കുളങ്ങര വില്ലേജ്, മുപ്ലി ദേശത്ത്, പി.ഒ.മുരിക്കുങ്ങൽ, പിൻ-680 699, മാന്താനത്ത് വീട്ടിൽ ഔസേപ്പ് മകളും, കുരുവിള അച്ചൻകുഞ്ഞ് ഭാര്യയുമായ, 59 വയസ്സ്, മേരി.

-എതൃകക്ഷികൾ

മേൽനമ്പർ ഹർജി മാർജിനിൽ പറയുന്ന വികലാംഗന്റെ ദേഹത്തിന്റെയും മുഴുവൻ സ്വത്തിന്റെയും നിയമപരമായ ഗാർഡിയനായി 5 വർഷക്കാലത്തേയ്ക്ക് ഹർജിക്കാരിയെ നിയമിച്ചും, വികലാംഗന്റെ സ്ഥാവരവസ്തുവഹകളുടെ ഗാർഡിയനായി ഹരജിക്കാരിയെ നിയമിച്ചും, ഹരജി പട്ടികവഹകൾ വിൽക്കുവാൻ വേണ്ട അനുമതികളിലും രേഖകളിലും ഒപ്പിടുന്നതിനും വിറ്റുകിട്ടുന്ന പണം വികലാംഗനു വേണ്ടി ഉപയോഗപ്പെടുത്തുന്നതിനും മറ്റും ഹർജിക്കാരിയെ അനുവദിക്കണമെന്ന് അപേക്ഷിച്ച് ബോധിപ്പിച്ച മേൽനമ്പർ കേസ് **22-09-2026** തിയ്യതിക്കു വിചാരണയ്ക്കു വച്ചിരിക്കുന്നു. ആക്ഷേപമുള്ളവർ അന്നേ ദിവസം കാലത്ത് 11 മണിയ്ക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പു കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 03-09-2026

ഹർജി ഭാഗം അഡ്വക്കേറ്റ്:

വി.എ അജയ് (ഒപ്പ്)